# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ഡിസംബർ 21 ചൊവ്വ 2021

Volume: 1, Issue: 20

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# മൂന്നാംകുറ്റി കോളനി നിവാസികൾ ദുരിതത്തിൽ

**ആര്യ പ്രസന്നകുമാർ**

**മൂന്നാംകുറ്റി:** അംബേദ്കർ വികസന സെറ്റിൽമെന്റ് പദ്ധതിയുടെ കീഴിലുള്ള ചരൾ മൂന്നാംകുറ്റി കോളനിയിലെ വീട് നിർമാണം പാതിവഴിയിൽ. ഒന്നരവർഷം മുമ്പ് ആരംഭിച്ച നിർമാണപ്രവർത്തനങ്ങൾ കോൺട്രാക്ടർ പാതിവഴിയിൽ നിർത്തിവയ്ക്കുകയായിരുന്നു. നിലവിൽ ഉണ്ടായിരുന്ന വീടുകൾ പൊളിച്ചുമാറ്റി നിർമാണം ആരംഭിക്കുകയും അതു മുടങ്ങിപോകുകയും ചെയ്തു. ഇതുമൂലം കോളനിയിലെ മൂന്നു കുടുംബങ്ങളാണ് ഒന്നര വർഷമായി താത്കാലിക ഷെഡ്ഡിൽ ദുരിതം അനുഭവിക്കുന്നത്.





***കടിച്ചതുമില്ല പിടിച്ചതുമില്ല :*** പാതിവഴിയിൽ നിർമാണം നിലച്ചതിനാൽ താത്കാലിക ഷെഡ്ഡിൽ താമസിക്കേണ്ടി വന്ന കോളനി നിവാസികൾ.

കേരളത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കോളനികളെ തിരഞ്ഞെടുത്ത് അർഹരായവർക്ക് വീട്, ശൗചാലയം, പഠനമുറി, കിണർ നിർമാണം അറ്റകുറ്റപണികൾ മുതലായവ അംബേദ്കർ വികസന സെറ്റിൽമെന്റ് പദ്ധതി വഴി നടപ്പിലാക്കുന്നു. ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള പദ്ധതിക്ക് ഒരു കോളനിക്ക് ഒരു കോടി രൂപയും ഒരു വീടിന് ആറ് ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

'2017-2018 സാമ്പത്തിക വർഷത്തിൽ കേരളസർക്കാർ ആരംഭിച്ച പദ്ധതി കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട്, എന്നീ ജില്ലകളിൽ ഹാബിറ്ററ്റ് എന്ന രജിസ്റ്റേഡ് ചാരിറ്റബിൾ സൊസൈറ്റിയെയാണ് ഏൽപിച്ചത്. സൊസൈറ്റിക്ക് 20 ലക്ഷം രൂപ ഒരു കോളനിക്കായി മുൻകൂട്ടി നൽകിട്ടുണ്ടെങ്കിലും അത് മറ്റ് ജില്ലകളിൽ ഉപയോഗിച്ചെന്നും അതിനാൽ ഫണ്ട് തീർന്നുപോയെന്നും പറഞ്ഞ് പാതിവഴിയിൽ നിർമാണം മുടക്കുകയായിരുന്നു. കണ്ണൂർ ജില്ലയിലെ 13 കോളനികളിൽ ആകെ രണ്ടു കോളനികളിലെ നിർമാണ പ്രവർത്തനങ്ങൾ മാത്രമാണ് ഇപ്പോഴും തുടരുന്നത്'. ഇരിട്ടി ട്രൈബൽ ഓഫീസർ ഷൈജു ചെറിച്ചിൽ പറഞ്ഞു

മൂന്നാംകുറ്റി കോളനിയിലെ അനിത, സതി, ബിന്ദു, അമ്മു വിനോദ് എന്നിവർക്കാണ് പുതിയ വീടുകൾക്കുള്ള അനുമതി ലഭിച്ചിട്ടുള്ളത്. സാംസ്കാരിക നിലയത്തിന്റെ രണ്ടാം നിലയും അമ്മുവിന്റെ വീടിന്റെ ചുമരുനിർമാണം വരെയും പൂർത്തിയായതിനു ശേഷം നിർമാണ പ്രവർത്തനങ്ങൾ നിലച്ചു. സതിയുടെ വീടിന്റെ വാനം മാന്തൽ മാത്രമാണ് നടന്നത്. താമസിച്ച വീടുകൾ നിർമാണത്തിനായി പൊ ളിച്ചതിനാൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ഷീറ്റു ഉപയോഗിച്ചു നിർമിച്ച താത്കാലിക ഷെഡ്ഡിലാണ് മൂന്ന് കുടുംബങ്ങൾ താമസിക്കുന്നത്.

'കോളനിയിലെ ചിലർക്ക് അധികൃതർ ആറളംഫാമിൽ വീടുവച്ചു നൽകിയിട്ടുണ്ടെങ്കിലും ആനയിറങ്ങുന്ന സ്ഥലമായതിനാൽ അവർ തിരികെ വന്ന് കോളനിയിൽ താമസിക്കുകയാണ്. മൂന്നുകുടുംബങ്ങളാണ് ഇപ്പോൾ ഇവിടെ ഉള്ളത്. ഇതിൽ പ്രായമായവരും രോഗികളും പത്താംതരം വിദ്യാർഥികളും ഉൾപ്പെടുന്നു. കൃത്യമായി വൈദ്യുത ബില്ലുകൾ അടയ്ക്കാനാവത്തതുകാരണം പലവീടുകളിലും വൈദ്യുതി ലഭ്യമല്ല'. പ്രദേശവാസി അനീഷ് കെ പോൾ പറഞ്ഞു

'ഒന്നരവർഷമായിട്ടും പണിപൂർത്തിയാക്കാത്തതിനാൽ വളരെ ബുദ്ധിമുട്ടാണ്. ബാക്കിവീടുകൾ പൊളിക്കുന്നതിനും നിർമാണപ്രവർത്തനങ്ങൾ തുടരുന്നതിനു മുമ്പ് തുടങ്ങി വച്ച പണികൾ അധികാരികൾ എത്രയും പെട്ടന്ന് തീർത്തു തരണം'. കോളനി നിവാസി അമ്മു വിനോദ് പറഞ്ഞു

**അങ്ങാടിപത്രത്തിന്റെ എല്ലാ വായനക്കാർക്കും ക്രിസ്മസ്സ് പുതുവത്സരാശംസകൾ**

# ബാരാപോൾ: സോളാർ പാനലുകൾ പുനസ്ഥാപിക്കുന്നു

**നിതിൻ സി ജോസഫ്**

പ്രളയത്തിൽ തകർന്ന ബാരാപോൾ സൗരോർജപദ്ധതിയുടെ പാനലുകൾ പുനസ്ഥാപിക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സൗരോർജഉൽപാദനം നടന്നിരുന്ന ജനറേറ്ററുകൾ തകരാറിൽ ആവുകയും മുന്നൂറ് പാനലുകൾ ശുചീകരണം നടക്കാത്തതിനാൽ കാടുകയറിനശിക്കുകയും ചെയ്തിരുന്നു. അങ്ങാടിപത്രത്തിന്റെ സമയോചിതമായ ഇടപെടലാണ് ഈ പ്രശ്നം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താൻ സഹായകമായത്.



*പുനസ്ഥാപിച്ച സോളാർ പാനലുകൾ*

'അങ്ങാടിപത്രത്തിന്റെ ഇടപെടൽ മൂലമാണ് ഇത്രയും പെട്ടെന്ന് പാനലുകൾ പുനസ്ഥാപിക്കാൻ അധികൃതരെ നിർബന്ധിതരാക്കിയത്. അത്പോലെ ഇവിടുത്തെ ദുരവസ്ഥ മറ്റുപത്രങ്ങളിൽ വരാനും കാരണമായി'. പ്രദേശവാസിയായ റോജസ് ചേന്നാട്ട് പറഞ്ഞു.

'കേരളത്തിലെ ആദ്യത്തെ അണക്കെട്ട്രഹിത ജലവൈദ്യുത പദ്ധതിയാണ് ബാരാപോൾ. മൂന്നു മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ സൗരോർജപാനൽ വഴിയായി നി ർമ്മിക്കപ്പെടുന്നത്. ജനുവരി ആദ്യആഴ്ചയോടുകൂടി സൗരോർജ പാനലുകളെല്ലാം പൂർണ്ണമായും സജ്ജമാക്കി വൈദ്യുത ഉത്പാദനം ആരംഭിക്കും. കേടായ ജനറേറ്ററുകളുടെ പുനസ്ഥാപനം നടന്നുവരികയാണ്'. കെ.എസ്.ഇ.ബി. ഓവർസീയർ ഇൻചാർജ് ധനീഷ് ചാക്കോ പറഞ്ഞു.


മോക്ഷം കാത്ത് സോളാർ പാനലുകൾ

ട്രാൻസ്ഫോമറിന്റെ പ്രവർത്തന
തുടങ്ങിയാൽ മാത്രമേ പാനലുകൾ
മറ്റി സ്ഥാപിക്കുന്നതിനോ, വൈദ്യുതി
പുനസ്ഥാപിക്കുന്നതിനോ
...ക്കു. ഇരുന്നൂറ്റിഎഴുപതു പുതിയ
...ലുകൾ എത്തിയിട്ടുണ്ട്. ഈ
...സം തന്നെ പാനലുകളുടെ തകര
...റുകൾ പരിഹരിക്കും'. അസിസ്
എൻജിനീയർ അനീഷ് അരവി
റഞ്ഞു.'ഇത്രയധികം സോളാ
ലുകളുണ്ടായി...


'ഈ പദ്ധതി നാടിന്റെ വികസനത്തിന് സഹായകരമാണ്. പക്ഷേ, അധികൃതരുടെ അനാസ്ഥ മൂലമാണ് സോളാർ പാനലുകൾ ഇതുവരെ നന്നാക്കാൻ കഴിയാതെ പോയത്. കേടായ പാനലുകൾ നന്നാക്കുകയും മുന്നൂറോളം പുതിയപാനലുകൾ സ്ഥാപിക്കാനുള്ള പ്രവർത്തികൾ വേഗത്തിൽ ഇപ്പോൾ നടക്കുന്നുമുണ്ട്. അങ്ങാടിപത്രത്തിൽ വന്ന വാർത്ത പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ സഹായിച്ചു'. പ്രദേശവാസിയായ വിൽസൻ വടയാറ്റുകുന്നേൽ പറഞ്ഞു.

ബാരാപോൾ അണക്കെട്ട്രഹിത പദ്ധതിയിൽ ജൂൺ മുതൽ ഡിസംബർ വരെ ജലത്തിൽനിന്ന് ഉത്പാദനം നടത്തുന്നു. അതിനുശേഷമുള്ള അഞ്ച് മാസങ്ങൾ സൗരോർജപാനലുകളിൽ നിന്നാണ് വൈദ്യുതി ഉത്പാദനം. നാടിന്റെ വികസനത്തിന് ഉതകുന്ന ഈ പദ്ധതി എത്രയും വേഗം പ്രവർത്തനക്ഷമമാകും എന്നാണ് നാട്ടുകാരുടെ പ്രതീക്ഷ.

# സ്പോർട്സ് ക്ലബ്ബ് കെട്ടിടം ഇനി വെറ്റിനറി ഉപകേന്ദ്രം

**റിം താഹി നാബം**

പ്രവർത്തനരഹിതമായിരുന്ന ആനപ്പന്തി നിർമല സ്പോർട്സ് ക്ലബ്ബ് കെട്ടിടം വെറ്റിനറി ഉപകേന്ദ്രമാക്കി മാറ്റും. ക്ലബ്ബ് അംഗങ്ങളും അയ്യൻകുന്ന് പഞ്ചായത്ത് അധികൃതരും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുമായി നടത്തിയ ചർച്ചയിലാണ് തീരുമാനം.



*പൂട്ടികിടക്കുന്ന നിർമല സ്പോർട്സ് ക്ലബ്ബ് കെട്ടിടം*

ജീവിതത്തിന്റെ വിവിധ തുറകളിലുള്ള പതിനെട്ട് പേർ ചേർന്ന് 1984 ലാണ് സ്പോർട്സ് ക്ലബ്ബ് ആരംഭിച്ചത്. ആദ്യം വാടക കെട്ടിടത്തിലായിരുന്നു ക്ലബ്ബ്. പിന്നീട് പാമ്പക്കൽ മാത്യു സൗജന്യമായി നൽകിയ സ്ഥലത്ത് അംഗങ്ങൾ ചേർന്ന് കെട്ടിടം നിർമിച്ച് പ്രവർത്തനമാരംഭിച്ചു. ആദ്യകാലങ്ങളിൽ ചെസ്, കാരംസ് തുടങ്ങിയ ഇൻഡോർ ഗെയിമുകൾ നടത്തി. കൂപ്പൺ സിസ്റ്റം വഴി അന്തർ ജില്ലാ വോളിബോൾ മത്സരങ്ങളും സംഘടിപ്പിച്ചു. നാടകങ്ങൾ അവതരിപ്പിച്ച് പണം സമ്പാദിക്കുന്ന ഒരു ഫൈൻ ആർട്സ് സൊസൈറ്റി ക്ലബിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു. അത് ക്ലബ്ബിന്റെ വരുമാന സ്രോതസ്സുകളിൽ ഒന്നായിരുന്നു.

'പൊതുജനങ്ങൾക്ക് വിനോദത്തിനായുള്ള സോഷ്യൽ നെറ്റ്വർക്ക് ആപ്പുകളുടെ അതിപ്രസരം മൂലം ക്ലബ്ബിനോടുള്ള താൽപ്പര്യമില്ലായ്മയും അംഗങ്ങളുടെ തിരക്കും ക്ലബ്ബിനെ പ്രവർത്തനരഹിതമാക്കി. ക്ലബിൽ, ഒരു അദ്ധ്യാപിക കുട്ടികളെ കളരി പഠിപ്പിച്ചിരുന്നുവെങ്കിലും വർഷങ്ങൾക്ക് ശേഷം അതും നിലച്ചു. അന്നു മുതൽ സ്പോർട്സ് ക്ലബ്ബ് കെട്ടിടം ഉപയോഗിക്കാതെ കിടക്കുകയായിരുന്നു'. സ്ഥാപക അംഗം വി.ടി തോമസ് പറഞ്ഞു.

'നിലവിൽ 2021 – 22 സാമ്പത്തിക വർഷത്തിലെ ഗവൺമെന്റ് അനുവദിക്കുന്ന സ്കീമുകളെല്ലാം വകയിരുത്തി കഴിഞ്ഞു. അതിനാൽ പിന്നീടുള്ള സാമ്പത്തിക വർഷത്തിലായിരിക്കും ഈ പദ്ധതി പ്രാവർത്തികമാവുക'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'പഞ്ചായത്തിന് നിലവിലുള്ള സ്ഥലവും കെട്ടിടവും ക്ലബ്ബംഗങ്ങൾ വിട്ടുനൽകും. രേഖകൾ കൈമാറുന്നതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്. അത്യാവശ്യമായ അറ്റകുറ്റപ്പണികൾക്ക് ശേഷം കെട്ടിടത്തിൽ വെറ്റിനറി ഉപകേന്ദ്രം പ്രവർത്തനമാരംഭിക്കും. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കായി ഒരു മുറിയും നൽകും'. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ബി. മുകേഷ് പറഞ്ഞു

## എഡിറ്റോറിയൽ

### ആഘോഷത്തിലേക്കല്ല ആശ്വാസത്തിലേക്ക്...

കോവിഡ് പ്രോട്ടോക്കോളിനിടയിലും ലോകം മറ്റൊരു ക്രിസ്തുമസിന്റെ തിരക്കിലാണ്. കടകളും വീടുകളുമൊക്കെ നക്ഷത്രങ്ങളും തോരണങ്ങളും ക്രിസ്മസ് ട്രീകളും കൊണ്ട് നിറഞ്ഞുകഴിഞ്ഞു. എന്നാൽ ക്രിസ്തുമസിന്റെ തിളക്കമില്ലാത്ത ഒരു വലിയ വിഭാഗം ജനങ്ങൾ നമുക്കിടയിലുണ്ട്. ആവേശതിമിർപ്പിനിടയിൽ മനപ്പൂർവ്വമോ അല്ലാതെയോ നാം മറന്നുപോകുന്നവർ. അവർ നമുക്കു ചുറ്റുമുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കിടയിൽ കേരളം കണ്ട വലിയ ദുരന്തങ്ങളുടെ ബാക്കിപത്രമാണവർ.

2018 ലെ പ്രളയം മുതൽ 2020 ലെ കോവിഡും കടന്ന് 2021 ൽ നാം ഒമിക്രോണിൽ എത്തിനിൽക്കുകയാണ്. പ്രളയം വിതച്ച നാശത്തിൽ നിന്ന് കരകയറും മുമ്പേ എത്തിയ കോവിഡ് ജനജീവിതത്തെ ചെറുതായൊന്നുമല്ല ബാധിച്ചത്. കോവിഡിൽ പൊലിഞ്ഞത് നാൽപ്പതിനായിരത്തിലേറെ ജീവനുകളാണ്. മഴക്കെടുതികളുടെ കണക്ക് വേറെയും.

ദാരിദ്ര്യം ജീവിത വ്രതമാക്കിയ, ഉള്ളവൻ ഇല്ലാത്തവന് നൽകണം എന്ന് പ്രസ്താവിച്ച ദൈവപുത്രന്റെ ജൻമദിനം ആഢംഭരപൂർവ്വം ആഘോഷിക്കുന്നത് ഈ സാഹചര്യത്തിൽ തികച്ചും മനുഷ്യത്വരഹിതമാണ്. ദുരിതങ്ങൾ തീരും മുമ്പേ എത്തിയ ക്രിസ്തുമസിൽ നാം പോകേണ്ടത് ആഘോഷങ്ങളിലേക്കല്ല. മറിച്ച് ദുരിതക്കയത്തിൽ നിന്നും ഇനിയും കരകയറാൻ സാധിച്ചിട്ടില്ലാത്ത സാധാരണക്കാരായ ആളുകളുടെ അടുക്കലേക്കാണ്. ആഘോഷങ്ങളേക്കാൾ ഭംഗി അനുകമ്പയുള്ള ഒരു നോട്ടത്തിനാണ്. മധുരപലഹാരങ്ങളെക്കാൾ രുചി അവരുടെ മുഖത്തെ പുഞ്ചിരിക്കാണ്. വർണ്ണക്കടലാസുകളിൽ പൊതിഞ്ഞ സമ്മാനങ്ങളെക്കാൾ വിലപിടിപ്പുള്ളത് അവരുടെ സമാധാനമാണ്. അവരെക്കൂടി പരിഗണിച്ച് ചേർത്തുപിടിക്കുക എന്നത് ഒരു പരിഷ്കൃത സമൂഹമെന്ന നിലയിൽ നമ്മുടെ കടമയാണ്.

- എഡിറ്റർ

## മുട്ടക്കോഴി വിതരണം പൂർത്തിയായി

**അനുഗ്രഹ ആൻ ജോർജ്ജ്**

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ സ്ത്രീകൾക്കുള്ള മുട്ടക്കോഴി വിതരണം പൂർത്തിയായി. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ, പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി ചരൾ മൃഗാശുപത്രിയിൽ വച്ച് പാലത്തുംകടവ്, കച്ചേരിക്കടവ്, മുരിക്കിൻകരി, ചരൾ എന്നീ വാർഡുകളിലേക്കുള്ള ആദ്യഘട്ട വിതരണം 10-ാം തിയതി നടത്തിയിരുന്നു. ബാക്കി പന്ത്രണ്ട് വാർഡുകളിലേക്കുമുള്ള വിതരണം 13-ാം തീയതി പഞ്ചായത്ത് ഓഫീസിൽ വച്ചു നടന്നു. 600 രൂപ ഗുണഭോക്താക്കളുടെ കൈയ്യിൽ നിന്നും, ബാക്കി 600 രൂപ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സബ്സീഡിയായി വിനിയോഗിച്ചാണ് മുട്ടക്കോഴികളെ നൽകിയത്.

'മുട്ടകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സ്ത്രീ ശാക്തീകരണം എന്നീ ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിക്കായുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴികളെ മുണ്ടയാട് റീജിയണൽ പാൾട്രി ഫാമിൽ നിന്നാണ് വാങ്ങിയത്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ഓരോ വാർഡിൽ നിന്നും ലഭിച്ച അപേക്ഷകൾ സ്വീകരിച്ച പദ്ധതികൊണ്ട് ഏറ്റവും ഗുണംചെയ്യുന്ന ആൾക്കാരെ തിരഞ്ഞെടുത്തു. ഒരു വാർഡിൽ 18 പേർ എന്ന രീതിയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി. ഭൂനികുതി അടച്ച രസീത്, റേഷൻ കാർഡ്, ആധാർ കാർഡിന്റെ കോപ്പി എന്നിവ പരിശോധിച്ചതിന് ശേഷമാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത്. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ വിപുലമായി കൂടുതൽ ആളുകളെ ഉൾപ്പെടുത്തിയാണ് ഇപ്രാവശ്യം ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയത്'. നാലാം വാർഡ് മെമ്പർ സീമ സനോജ് പറഞ്ഞു.














AXIS
SMART HOME
www.axissh.in
Axis Building, Opp. Indian Oil Petrol Pump, Kallumutty, Iritty PO., Kannur, Kerala
730 617 9486 (Office & Services)
996 123 4556 | 894 323 5001 (Sales)

Our Other Services
Battery Invertor | Solar Water Heater | Automatic Gate | Digital Room Lock
Alarm System | Automation | Networking | Video Door Phone etc.


# കലകളുടെ ആശാൻ

**ഹർഷ കെ വി**



*സംഗീതത്തിന്റെ ലോകത്തിൽ പീറ്റർ ഇല്ലിക്കൽ*

അങ്ങാടിക്കടവിലെ ഇല്ലിക്കൽ വീട്ടിൽ ഒരു മുറിയുണ്ട്. വയലിന്റെ ഈണവും തബലയുടെ ശബ്ദവും വർണ്ണങ്ങളുടെ സുഗന്ധവും നിറഞ്ഞ ഒരുമുറി. കലകളുടെ ഉയരങ്ങളേറിയ ഒരുമുറി. അവിടെയുള്ള ശബ്ദങ്ങൾക്ക് കാതോർത്ത് നിൽക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്ന ഒരു വ്യക്തിത്വമുണ്ട്. ആയിരത്തിലേറെ വേദികളിൽ പരിപാടി അവതരിപ്പിച്ച, നൂറിലേറെ ഗാനങ്ങൾക്ക് ഈണം നൽകിയ, കോഴിക്കോട് ആകാശവാണി ഭക്തിഗാന ഗ്രൂപ്പിലെ സ്ഥിരം സാന്നിധ്യമായ, വയലിനിസ്റ്റ്, ചിത്രകാരൻ, ഓർഗണിസ്റ്റ്, തബലിസ്റ്റ്, ഗായകൻ, ബാസ്കറ്റ്ബോൾ പ്ലയർ, ടേബിൾടെന്നീസ് പ്ലയർ എന്നിങ്ങനെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച സകലകലാവല്ലഭൻ. അങ്ങാടിക്കടവുകാരുടെ സ്വന്തം പീറ്ററാശാൻ.

''സ്വപ്നവും ദുഖവും കൈകോർത്ത് നിൽക്കുന്ന മർത്യ ജൻമത്തിന്റെ തീരം മോഹനിരാശകൾ കൂടുകൂട്ടുന്ന ഏകാന്തമൗനമാം തീരം' 1970-80 കാലഘട്ടങ്ങളിൽ ആകാശവാണിയിലൂടെ തരംഗമായ ഈ പാട്ട് സുഹൃത്തുക്കൾക്കൊപ്പം ട്യൂൺ ചെയ്തതോർക്കുമ്പോൾ തന്റെ ചെറുപ്പകാലത്തേക്ക് തിരികെ പോകുകയാണ് പീറ്ററാശാൻ. 1951 ൽ പിതാവിൽ നിന്നും ആദ്യമായി വയലിൻ അഭ്യസിച്ചതുമുതൽ തന്റെ എഴുപത്തിയാറ് വർഷത്തെ ജീവിതയാത്രക്കിടയിൽ ഓർത്തെടുക്കാൻ പീറ്ററാശാനു നേട്ടങ്ങൾ ഒരുപാടാണ്.

ഇല്ലിക്കൽ ഏലിക്കുട്ടി-പാപ്പച്ചൻ ദമ്പതികളുടെ മൂന്നുമക്കളിൽ രണ്ടാമനായി തിരുവതാംകൂറിൽ ജനിച്ച പീറ്ററാശാൻ, ആറാമത്തെ വയസ്സിൽ കുടുംബത്തോടൊപ്പം തിരുവിതാംകൂറിൽ നിന്നും മലബാറിലേക്ക് കുടിയേറി. അങ്ങാടിക്കടവ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ഇടവക പള്ളിയിൽ കുർബാനയ്ക്ക് പാട്ട് പാടിയും ഇടവകയിലെ പുരോഹിതൻമാരുടെ സഹായത്തോടെ വ്യത്യസ്ത ഇൻസ്ട്രുമെന്റുകൾ വായിച്ചും ആശാൻ സംഗീതലോകത്ത് ചുവടുകൾ ഉറപ്പിച്ചു. പേരാവൂർ ശ്രീധരൻ ഭാഗവതരിൽ നിന്ന് കർണ്ണാട്ടിക്ക് സംഗീതത്തിലും കണ്ണൂരിലുള്ള തോമസ് ക്രാസ്ററാൻ മാഷിൽ നിന്ന് പാശ്ചാത്യ സംഗീതത്തിലും വയലിൻ അഭ്യസിച്ചു. എന്നാൽ ജോലിഭാരവും കുടുംബത്തിന്റെ ഉത്തരവാദിത്വവും കാരണം അദ്ദേഹത്തിന് പഠനം പാതി വഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. വഴികാട്ടിയായ എടപ്പുഴ പള്ളിയിലെ സി.എം.ഐ പുരോഹിതനായ തോ മസ് ടി തുങ്കത്തിന്റെ സഹായത്തിൽ മദ്രാസിലും കൂടാതെ കേരളത്തിലെ മുഴുവൻ ജില്ലകളിലും പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്.

1963 ൽ തന്റെ പതിനേഴാം വയസ്സിൽ കരിക്കോട്ടക്കരി സെന്റ് തോമസ് സ്കൂളിൽ പ്യൂണായി ജോലിയിൽ പ്രവേശിച്ച പീറ്ററാശാൻ നാൽപ്പത്തിരണ്ടുവർഷം അവിടെ ജോലി ചെയ്തു. ജോലിക്കിടയിലും അവധി ദിവസങ്ങളിലും വൈകുന്നേരങ്ങളിലും വിവിധ പരിപാടികൾ അവതരിപ്പിച്ചിരുന്നു. വയലിനിസ്റ്റ് എന്നതിനപ്പുറം ഹാർമോണിയത്തിലും തബലയിലും പ്രാവീണ്യം നേടിയ പീറ്ററാശാൻ പെൻസിലും ഇന്ത്യൻ ഇൻകും ഉപയോഗിച്ച് വരച്ച ചിത്രങ്ങൾക്കു ആരാധകരേറയാണ്.

കലയുടെ ആഴങ്ങളിൽ ഇറങ്ങിച്ചെന്ന് അവയെ കൂടുതലറിയാൻ സാധിക്കാത്തതിന്റെ ദുഖം ആശാൻ മറികടക്കുന്നത് തനിക്ക് സ്വായക്തമായ കഴിവുകൾ കുട്ടികൾക്ക് പകർന്ന് നൽകുന്നതിലൂടെയാണ്. തികഞ്ഞ സിനിമാ പ്രേമിയായ പീറ്ററാശാൻ സത്യന്റെ വലിയ ആരാധകനാണ്. മുഹമ്മദ് റാഫിയോടുള്ള അതിയായ ആരാധനമൂലം മൂത്തമകനെ റാഫി എന്ന് വിളിക്കുന്നു. യേശുദാസിന്റെ ശബ്ദത്തെ ഏറെ ഇഷ്ടപ്പെടുന്ന ആശാന് മദ്രാസിലെ പരിപാടിക്കിടയിൽ യേശുദാസിനെ കണ്ടു സംസാരിക്കാൻ സാധിച്ചത് ഇന്നും ഒരു മധുരസ്മരണയാണ്.

2009 ൽ കലാജീവിതത്തിന് വിരാമം നൽകിയ ആശാൻ ഭാര്യ ത്രേസ്യാമ്മക്കൊപ്പം വിശ്രമ ജീവിതം നയിക്കുന്നു. മക്കൾ തോമസ് (റാഫി), സെബാസ്റ്റ്യൻ, ജൂലി, ജോഫി, ലിജി.

## 'ഡ്രീം' പ്രോജക്ട് - കോളേജ്തല ഉദ്ഘാടനവും ബോധവത്കരണവും നടത്തി

**ആഷ്മി തോമസ്**

ലഹരിയുടെ സ്വാധീനത്തിൽ നിന്നും യുവജനങ്ങളെ മോചിപ്പിക്കുവാനുള്ള ഡ്രഗ്ഗ് റിഹാബിലേഷൻ എഡ്യുക്കേഷൻ ആൻട് മെന്ററിംഗ് (DREAM)പ്രോജക്ടിന്റെ കണ്ണൂർ ജില്ലയിലെ ആദ്യ കോളേജ്തല ഉദ്ഘാടനവും ബോധവത്കരണ ക്ലാസും അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ നടത്തി. കോളേജ് പ്രിൻസിപ്പാൾ ഫാ.ഡോ. ഫ്രാൻസിസ് കാരക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ കരിക്കോട്ടക്കരി പോലീസ് സ്റ്റേഷൻ സി.ഐ പി.ബി സജീവൻ 'ഡ്രീം' പ്രോജക്ടിന്റെ കോളേജ്തല ഉദ്ഘാടനം ചെയ്തു. കണ്ണൂർ വിമുക്തി മിഷൻ എക്സൈസ് ഓഫീസർ കെ.കെ സമീർ 'ജീവിതമാകണം ലഹരി' എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ് എടുത്തു.

സലേഷ്യൻ ബാഗ്ളൂർ പ്രൊവിൻസിന്റെ ഡെവലപ്മെന്റ് ഓഫീസായ ബാഗ്ളൂർ റൂറൽ എഡ്യുക്കേഷൻ ആൻട് ഡെവലപ്മെന്റ് സൊസൈറ്റി (BREADS) ആണ് മയക്കുമരുന്നിന്റെ ദുരുപയോഗം ആസക്തി തുടങ്ങിയവയുടെ അപകടങ്ങളെക്കുറിച്ച് യുവാക്കളിലും കുട്ടികളിലും അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ നവംബർ 20 ന് 40 മാസത്തേക്ക് 'ഡ്രീം' പ്രോജക്ട് ആരംഭിച്ചത്.

'യുവത്വത്തിന്റെ ലഹരി ഡ്രഗ്ഗിന്റെ ലഹരിയെക്കാൾ ശ്രേഷ്ഠമാണ്. നമ്മൾ കുട്ടികൾക്ക് കൊടുക്കേണ്ടത് ബോധവത്കരണവും വിദ്യാഭ്യാസവും പരിശീലനവുമാണ്. കേരളത്തിലെ 10 ജില്ലകളെ ഉൾകൊള്ളുന്ന പദ്ധതി ഓരോ ജില്ലകളിലെ 40-50 പഞ്ചായത്തുകളിലും 50 സ്കൂളുകളിലും 10 കോളേജുകളിലുമായാണ് നടത്തുന്നത്'. 'ഡ്രീം' സംസ്ഥാന ഡയറക്ടർ ഫാ.ബിനു സ്കറിയ പറഞ്ഞു.

'നിമിഷ നേരത്തെ ലഹരിക്കുവേണ്ടി ജീവിതകാലം മുഴുവൻ അനുഭവിക്കേണ്ട സന്തോഷം നമ്മൾ ഇല്ലാതാക്കുകയാണ്. 'ഡ്രീം' ഇങ്ങനെ നഷ്ടപ്പെട്ടു പോകുന്ന സ്വപ്നങ്ങളെ തിരിച്ചു പിടിക്കുന്ന പദ്ധതിയാണ്'. സ്റ്റേറ്റ് പ്രൊജക്ട് കോർഡിനേറ്റർ അനൂപ് രാജ് പറഞ്ഞു.

## യോഗ ചാമ്പ്യൻഷിപ്പ്: ഡോൺ ബോസ്കോയ്ക്ക് ചരിത്രനേട്ടം

**ഐസയ ന്യൂമെ**

കണ്ണൂർ സർവ്വകലാശാല ഇന്റർകോളീജിയറ്റ് യോഗ ചാമ്പ്യൻഷിപ്പിൽ ചരിത്രം കുറിച്ച് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജ്. കൂത്ത്പറമ്പ് നിർമ്മലഗിരി കോളേജിൽ വച്ച് ഡിസംബർ 11 ന് നടന്ന മത്സരത്തിൽ പുരുഷ-വനിത വിഭാഗങ്ങളിൽ ജേതാക്കളായാണ് കോളേജ് ചരിത്രനേട്ടം കൈവരിച്ചത്. കഴിഞ്ഞവർഷം ഇരുവിഭാഗങ്ങളിലും റണ്ണേഴ്സപ്പായിരുന്നു കോളേജ്. കോളേജ് ടീമിലെ ഐശ്വര്യ വിനോയ്, നേഹ എലിസബത്ത്, അൽജോ ജോൺ ജോസ്, അൽജോ ജോൺസൻ, സിദ്ധാർത്ഥ് റോയ്, ആൽബിൻ ഫിലിപ്പ് എന്നിവർ ദേശീയ യോഗ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ യൂണിവേഴ്സിറ്റി ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

തുടർച്ചയായി ഒൻപത് വർഷം കിരീടം നേടിയ മാനന്തവാടി മേരിമാതാ ആർട്സ് സയൻസ് കോളേജ് പുരുഷ-വനിത വിഭാഗങ്ങളിൽ ഫസ്റ്റ് റണ്ണേഴ്സപ്പും കാസർഗോഡ് ഗവൺമെന്റ് കോളേജ് പെൺകുട്ടികളുടെ വിഭാഗത്തിൽ സെക്കന്റ് റണ്ണേഴ്സപ്പ് കിരീടവും സ്വന്തമാക്കി.

'കഠിനപ്രയത്നം, നിശ്ചയദാർഢ്യം, സമർപ്പണം, കോളേജിനോടുള്ള അടുപ്പം ഇതിനെല്ലാമുള്ള അംഗീകാരമാണ് കിരീടം. വലിയ നേട്ടമാണ് കോളേജ് നേടിയത്. കഴിഞ്ഞ ഒൻപത് വർഷം കിരീടം നേടിയ മേരിമാതാ കോളേജിനെ പരാജയപ്പെടുത്തിയ വിദ്യാർഥികൾ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു'. കോളേജ് പ്രിൻസിപ്പാൾ ഫ്രാൻസിസ് കാരക്കാട്ട് പറഞ്ഞു.

'ഞാൻ ആദ്യമായാണ് കേരളത്തിലെ സർവകലാശാല മത്സരത്തിൽ പങ്കെടുക്കുന്നത്. ആവേശത്തോടയാണ് പങ്കെടുക്കാൻ എത്തിയതെങ്കിലും ട്രോഫി പ്രതീക്ഷിച്ചിരുന്നില്ല. വിജയിച്ചപ്പോൾ വളരെ സന്തോഷം തോന്നുന്നു. പരിശീലന ദിവസങ്ങളിൽ അനുഭവിച്ച കഷ്ടപ്പാടിന്റെ ഫലമാണ് ട്രോഫി'. വനിത വിഭാഗം ടീംമംഗവും എം എ ജേണലിസം വിദ്യാർത്ഥിയുമായ അരുണാചലുകാരി റിം താഹി നാബം പറഞ്ഞു.

'ഞങ്ങൾ കൂട്ടായി അധ്വാനിച്ചതിന്റെ ഫലമാണ് കിരീടം. ഈ നേട്ടങ്ങളുടെ പിന്നിൽ അദ്ധ്യാപകരുടെ അധ്വാനവും പ്രോൽസാഹനവുമുണ്ട്'. യോഗ ചാമ്പ്യൻഷിപ്പിൽ ഉയർന്ന സ്കോർ നേടിയ അൽജോ ജോൺ പറഞ്ഞു.

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ലിഡിയ ജേക്കബ് | സബ് എഡിറ്റേഴ്സ്: ആഷ്മി തോമസ്, റിം താഹി നാബം, ആര്യ പ്രസന്നകുമാർ, അനുഗ്രഹ ആൻ ജോർജ്, ഐസയ ന്യൂമെ, ഹർഷ കെ വി, | ഫോട്ടോഗ്രാഫേഴ്സ്: നിതിൻ സി ജോസഫ് , അനുഗ്രഹ ആൻ ജോർജ്, | ഡിസൈൻ: നിതിൻ സി ജോസഫ്